# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ. 3751 17/12/2015-ലെ മറുപടിക്ക്.

## സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ

ചോദ്യം : മറുപടി :

ശ്രീ. എളമരം കരീം

രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | 2015 ജൂലൈ 5-ന് സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ പിടിച്ചെടുത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് കേരള പോലീസ് എൻ.ഐ.എ യെ അറിയിച്ചിരുന്നോ; | (എ) | 03.07.2015 തീയതിയിൽ ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴ ഭാഗത്ത് കാണപ്പെട്ട FV Barooki എന്ന ബോട്ടും അതിലുണ്ടായിരുന്ന 12 വിദേശീയരെയും ഇന്ത്യൻ കോസ്റ്റ് ഗാർഡ് തടഞ്ഞ് വെച്ച് തുടർ നടപടികൾ സ്വീകരിച്ച ശേഷം 5.7.2015 ന് വിഴിഞ്ഞം തീരത്ത് കൊണ്ട് വന്ന് റിപ്പോർട്ട് സഹിതം വിഴിഞ്ഞം പോലീസിന് കൈമാറി. വിഴിഞ്ഞം പോലീസിന് കൈമാറിയ സമയത്ത് തന്നെ (05/07/2015ൽ) എൻ.ഐ.എ ഉൾപ്പെടെയുള്ള ദേശീയ സംസ്ഥാന ഏജൻസികൾ വന്നിരുന്നതും വിദേശീയിരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. കോസ്റ്റ് ഗാർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് ക്രൈം 945/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് കേസ് ഔദ്യോഗികമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേരള സർക്കാർ 06.07.2015-ന് എൻ.ഐ.എ ക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ, രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് എൻ.ഐ.എയെ അറിയിക്കണം എന്ന നടപടിക്രമം കേരള പോലീസ് പാലിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ കേരള പോലീസിന്റെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായിട്ടില്ല. |
| (സി) | ഇതു മൂലം എൻ.ഐ.എ യ്ക്ക് പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. ഈ കേസും കേസിലെ പ്രതികളും ബഹു.എൻ.ഐ.എ കോടതിയുടെ അധീനതയിലാണ് ഉള്ളത്. |
| (ഡി) | പൊലീസിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണക്കാരായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പോലീസിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ